# സായീ സന്ദേശം 118

**പ്രഫസർ അനിൽകുമാർ നവംബർ 25, 2021**

## ഒരേയൊരു പുരുഷൻ (ONLY MAN)

ഓം ശ്രീ സായിരാം.

പ്രശാന്തിസന്ദേശം 118-ാം ഉപാഖ്യാനം നിങ്ങളെ ഏവരെയും സ്വാഗതം ചെയ്യുന്നു.

സ്വാമി ഒരു അവസരത്തിൽ വലിയ കൃഷ്ണഭക്തയായിരുന്ന മീരാബായിയെപ്പറ്റി



സംസാരിക്കുകയായിരുന്നു. മീരാബായി രാജകൊട്ടാരത്തിൽ പ്രവേശിക്കാൻ ശ്രമിക്കുമ്പോൾ, പെട്ടെന്ന് പ്രവേശനഗോപുരത്തിലെ കാവൽക്കാരായ ഭടന്മാർ അവളെ അകത്തേക്ക് കടത്തിവിട്ടില്ല. അവർ പറഞ്ഞു, "പുരുഷന്മാർക്കു മാത്രമേ പ്രവേശനമുള്ളൂ."

അപ്പോൾ മീരാബായി പറഞ്ഞു, "ഇവിടെയൊരിടത്തും എനിക്ക് ഒരു പുരുഷനെപ്പോലും കാണാനാവുന്നില്ല. പുരുഷന്മാർ എവിടെയാണ്? എനിക്ക് ഭഗവാൻ കൃഷ്ണൻ എന്നു പേരുള്ള ഒരേയൊരു പുരുഷനെ മാത്രമേ അറിയൂ. ബാക്കിയെല്ലാവരും സ്ത്രീകൾ മാത്രമാണ്." ഇതായിരുന്നു മീരയുടെ ആശയം. അതുകൊണ്ട്, ഒരേയൊരു പുരുഷൻ ഭഗവാൻതന്നെയാണ്. നമ്മളെല്ലാവരും മീരയുടെ വീക്ഷണത്തിൽ സ്ത്രീകളാണ്.

ഈശ്വരൻ മാത്രമാണ് ഒരേയൊരു പുരുഷൻ എന്ന ഈ വിഷയത്തിലേക്ക് നമുക്ക് കൂടുതൽ ആഴത്തിൽ ചെല്ലാം. നമുക്ക് ഇതേക്കുറിച്ച് കുറച്ചു വസ്തുതകൾ ചർച്ച ചെയ്യാം. വാസ്തവം പറഞ്ഞാൽ, ഗുരുക്കന്മാ(Masters)രിൽ ഏറെയും പുരുഷന്മാർ മാത്രമാണ്. വനിതാ ഗുരുക്കന്മാർ വളരെ, വളരെ കുറച്ചേയുള്ളൂ, വളരെ, വളരെ ചുരുക്കം.

ഉദാഹരണമായി, വൈദികകാലത്തെ ഗാർഗിയെ എടുക്കാം. അവൾ ഒരു അപവാദമാണ്. അക്കാലത്ത്, രാജാക്കന്മാർ ചർച്ചയ്ക്കായി വിദ്വത്സദസ്സ് വിളിച്ചുകൂട്ടാറുണ്ടായിരുന്നു. തർക്കത്തിൽ ജേതാവാകുന്ന വിദ്വാന് അതിശയകരമായ അളവിൽ പശുക്കളും കൃഷിസ്ഥലവും ആനകളും അതുപോലെയുള്ള ഇതര പാരിതോഷികങ്ങളും സമ്മാനിക്കപ്പെട്ടു. ജേതാവിന് വളരെ ഉദാരമായി  പാരിതോഷികങ്ങൾ സമ്മാനിക്കപ്പെട്ടു. അക്കാലത്തെ പതിവായിരുന്നു അത്.

അങ്ങനെ രാജാവ് വിദ്വാൻമാരുടെ ഒരു സദസ്സ് വിളിച്ചുകൂട്ടി അവരെ ചർച്ചയ്ക്കായി ക്ഷണിച്ചു. എന്നിട്ട് രാജാവ് പ്രഖ്യാപിച്ചത് എന്തെന്നോ? വിജയിക്ക് സ്വർണവും രത്നവും പതിച്ച കൊമ്പുള്ള ആയിരം പശുക്കളെ ലഭിക്കും. ഗോക്കളുടെ കൊമ്പുകൾ സ്വർണം പൊതിഞ്ഞ്, രത്നം പതിച്ചതായിരിക്കും. അതായിരുന്നു വിജയിക്ക് പ്രഖ്യാപിക്കപ്പെട്ട പാരിതോഷികം.

വെല്ലുവിളി നിറഞ്ഞ പ്രയത്നം ആവശ്യമായിരുന്ന ഈ ക്ഷണത്തിന് പ്രതികരണമായി, നിരവധി വിദ്വാൻമാർ ചർച്ചയിൽ പങ്കെടുത്തു. അവരിലൊരാൾ മഹാവിദ്വാനും വലിയ മഹർഷിയുമായിരുന്ന യാജ്ഞവത്ക്യൻ എന്നു നാമം ധരിച്ച ആളായിരുന്നു. യാജ്ഞവത്ക്യൻ വിവരണങ്ങൾക്ക് അതീതനായ മഹാവിദ്വാനായിരുന്നു. ഈ ചർച്ചയിൽ താൻ വിജയിക്കുമെന്ന് അദ്ദേഹത്തിന് ഉറപ്പായിരുന്നു.

അതുകൊണ്ട്, ചർച്ച ആരംഭിക്കുന്നതിനുമുമ്പ്, യാജ്ഞവത്ക്യൻ തന്റെ ഏതാനും ശിഷ്യരെ അരികത്തുവിളിച്ചിട്ട് അവരോടു പറഞ്ഞു, “ഈ പശുക്കളെയെല്ലാം കൊണ്ടുപൊയ്ക്കൊള്ളുക. നമ്മൾ വിജയിക്കാൻ പോവുകയാണ്.” ഇതാണ് യാജ്ഞവത്ക്യൻ പറഞ്ഞത്. മറ്റെല്ലാ വിദ്വാൻമാരും, യാജ്ഞവത്ക്യൻ ചെയ്ത ഈ പ്രസ്താവന കേട്ടിട്ട് സ്തബ്ധരായിപ്പോയി. എന്നാൽ അവർക്ക് അവരുടെ വായ തുറക്കാനായില്ല.

അപ്പോൾ സഭയിൽനിന്നും ഗാർഗി എന്നു പേരുള്ള ഒരു വനിത എണീറ്റിട്ടു പറഞ്ഞു, “ഇല്ല! താങ്കളാണ് ജേതാവാകാൻ പോവുന്നതെന്ന് താങ്കൾക്കെങ്ങനെ പറയാനാവും? ഇല്ല! ഒരൂ! താങ്കൾക്ക് പറ്റുമെങ്കിൽ, ആദ്യം എന്നെ തോൽപ്പിക്കൂ, എന്നിട്ട് വിജയിയാകൂ.”

യാജ്ഞവത്ക്യൻ പറഞ്ഞു, “എന്തുകൊണ്ടില്ല? വരൂ”, അദ്ദേഹം പറഞ്ഞു. ഗാർഗി വെറും മൂന്ന് ചോദ്യങ്ങൾ മാത്രമേ അദ്ദേഹത്തോട് ചോദിച്ചുള്ളൂ, അത്രമാത്രം. ആദ്യത്തെ ചോദ്യം ഇതായിരുന്നു: “ആരാണീ ലോകം സൃഷ്ടിച്ചത്?”

യാജ്ഞവത്ക്യൻ നൽകിയ മറുപടി ഇതായിരുന്നു, ‘‘ഈശ്വരനാണ് ഈ ലോകം സൃഷ്ടിച്ചത്’’ അപ്പോൾ രണ്ടാമത്തെ ചോദ്യം ഇതായിരുന്നു: ‘‘താങ്കൾക്ക് ഇതറിയാമോ? താങ്കൾ ദൃക്സാക്ഷിയായിരുന്നോ?’’ ഇത് വളരെ കൗശലമുള്ള ഒരു ചോദ്യമായിരുന്നു. ഈശ്വരനാണ് ലോകം സൃഷ്ടിച്ചത് എന്ന് അദ്ദേഹം പറഞ്ഞുവെങ്കിലും അദ്ദേഹം അതിന് തീർച്ചയായും ദൃക്സാക്ഷിയായിരുന്നില്ല. അതുകൊണ്ട്, അദ്ദേഹം ഇത് സ്വന്തം പാണ്ഡിത്യം കൊണ്ടു മാത്രമാണ് അറിഞ്ഞിട്ടുണ്ടാവുക.

ഇനി, അദ്ദേഹം ഇതിന് ‘അതെ’ എന്നാണ്(ഞാൻ ദൃക്സാക്ഷിയാണ് എന്ന്) ഉത്തരം പറയുന്നതെങ്കിൽ, അതിനർത്ഥം ഈ ലോകം ഇപ്പോൾ ഉണ്ടായിട്ടേയുള്ളൂ എന്നാണ്. ഇതൊരു കൗശലപൂർവമായ ചോദ്യമായിരുന്നു. രണ്ടാമത്തെ ചോദ്യത്തിന് അദ്ദേഹം ‘ഇല്ല’ എന്നാണ് ഉത്തരം പറയുന്നതെങ്കിൽ, എന്തടിസ്ഥാനത്തിലാണ് അദ്ദേഹം ആദ്യചോദ്യത്തിന് ‘അതെ’ എന്ന് മറുപടി പറഞ്ഞത്? ‘എനിക്കറിയാം’എന്ന് അദ്ദേഹം പറയുകയാണെങ്കിൽ, എങ്ങനെയറിയാം? ‘എനിക്കറിയില്ല’എന്ന് അദ്ദേഹം പറയുകയാണെങ്കിൽ, അതിനർത്ഥം മറുപടിക്ക് യാതൊരു അടിസ്ഥാനവുമില്ല എന്നാണ്. ചോദ്യത്തിന് ഉത്തര ം നൽകാനായി അദ്ദേഹത്തിന് ആധാരമൊന്നുമില്ല.



ഇങ്ങനെ, യാജ്ഞവത്ക്യന് ആ രണ്ടു ചോദ്യങ്ങൾക്ക്, പ്രത്യേകിച്ച് രണ്ടാമത്തെ ചോദ്യത്തിന്, മറുപടി നൽകാൻ പറ്റിയില്ല. ആദ്യചോദ്യത്തിന് അദ്ദേഹം ‘‘ഈശ്വര

നാണ് ഈ ലോകം സൃഷ്ടിച്ചത്'' എന്ന് നന്നായി മറുപടി പറഞ്ഞുവെങ്കിലും, രണ്ടാമത്തെ ചോദ്യത്തിന് ഒന്നും പറയാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല, എന്തുകൊണ്ടെന്നാൽ, ലോകസൃഷ്ടിക്ക് അദ്ദേഹം ഒരു ദൃക്സാക്ഷിയായിരുന്നില്ല.

അപ്പോൾ യാജ്ഞവത്ക്യനോട് ചോദിക്കപ്പെട്ട മൂന്നാമത്തെ ചോദ്യം, ''ആരാണ് ഈശ്വരനെ സൃഷ്ടിച്ചത്? ഈശ്വരനെ സൃഷ്ടിച്ചതാർ?'' എന്നതായിരുന്നു.

ഈ ചോദ്യം കേട്ടിട്ട് യാജ്ഞവത്ക്യന് വളരെ വളരെ ദേഷ്യം വന്നു. അദ്ദേഹം തന്റെ വാൾ വലിച്ചൂരി ഗാർഗിയോട് ആക്രോശിച്ചു, ''കൂടുതലൊന്നും പറയേണ്ട. ഇനി നീ കൂടുതലായി സംസാരിച്ചാൽ, നിന്റെ ശിരസ്സ് തറയിൽകിടന്ന് ഉരുളും. എന്നോട് ഇനിയൊന്നും ഉരിയാടേണ്ട.''

അപ്പോൾ ഗാർഗി പറഞ്ഞു, ''അല്ലയോ യാജ്ഞവത്ക്യാ, താങ്കളുടെ തോൽവിക്ക് ഇതുതന്നെ മതിയായ തെളിവാണ്. എന്തിനാണ് താങ്കളിങ്ങനെ കോപിക്കുന്നത്? താങ്കളെന്താണ് എനിക്ക് മറുപടി തരാത്തത്?''

അങ്ങനെ, അവസാനം, യാജ്ഞവത്ക്യന് തന്റെ പരാജയം സമ്മതിക്കേണ്ടിവന്നു.



അപ്പോൾ ഗാർഗി തന്റെ അനുയായികളെ വിളിച്ചിട്ട് കൊമ്പുകൾ സ്വർണവും രത്നവും പൊതിഞ്ഞ ആയിരം ഗോക്കളെയും കൊടുത്തുവിട്ടു. വൈദികകാലം രേഖപ്പെടുത്തിയ മഹാപ്രതിഭയായിരുന്നു ഗാർഗി, അവരൊരു സ്ത്രീ ആയിരുന്നു.

ഇനി, ചരിത്രം പറയുന്നത്, ജൈനന്മാർക്കിടയ്ക്ക് അതീവ നിപുണയായി, ജൈനമതം പഠിപ്പിച്ച മറ്റ് ജൈനഗുരുക്കന്മാർക്ക് സമശീർഷയായി ഒരു വനിതയുണ്ടായിരുന്നു എന്നാണ്. വാസ്തവത്തിൽ ജൈനമതം 24 അനുഗ്രഹീതരായ ഗുരുക്കന്മാരെക്കുറിച്ച് പറയുന്നു. *തീർത്ഥങ്കന്മാർ* എന്നാണ് അവർ അറി

യപ്പെടുന്നത്. ഈ ഒരു വനിത മറ്റ് *തീർത്ഥങ്കന്മാർക്ക്* തുല്യയായിരുന്നു. അവളുടെ പേര് 'മല്ലീബായി' എന്നായിരുന്നു. എന്നാൽ

ജൈനന്മാർ അവളുടെ പേര് 'മല്ലീനാഥ്' എന്നാക്കി മാറ്റി, കാരണം അവർ 'മല്ലീ ബായി' എന്ന സ്ത്രീനാമം അവശേഷിക്കുന്നതിന് താത്പര്യപ്പെട്ടില്ല. നിങ്ങൾ ഏതെങ്കിലും ജൈനക്ഷേത്രം സന്ദർശിച്ചാൽ, അവിടെ നിങ്ങൾക്ക് നിരവധി പ്രതിമകൾ കാണാനാവും, മിക്ക പ്രതിമകളും നഗ്നമായിരിക്കും. മല്ലീബായിയുടെ പ്രതിമയും നിങ്ങൾക്ക് കാണാം, 'മല്ലീനാഥൻ' എന്നാവും അത് അറിയപ്പെടുക, കാരണം അവൾക്ക് പുരുഷനാമം നൽകപ്പെട്ടിരിക്കുന്നു. അവളുടെ പ്രതിമയും അവിടെയുണ്ട്, പക്ഷേ ആ പ്രതിമ മറ്റ് തീർത്ഥങ്കന്മാരെപ്പോലെയാണ് നിർമ്മിച്ചിരിക്കുന്നത്, അതിനർത്ഥം അതൊരു പുരുഷന്റെ പ്രതിമയാണെന്നാണ്. ഒരു പുരുഷനെന്ന പോലെയായിരുന്നു അവൾ പരിഗണിക്കപ്പെട്ടിരുന്നതും.

അതിനാൽ, പല മതങ്ങളിലും ഒരു പുരുഷന് ഗുരുവായിത്തീരാം, പക്ഷേ സ്ത്രീകൾക്ക് അത്തരം മുൻഗണന നൽകപ്പെട്ടിരുന്നില്ല എന്ന് നമുക്ക് മനസ്സിലാക്കാം. അതാണ് നാം ചരിത്രത്തിൽ ദർശിക്കുന്നത്.

ഇനി, മറ്റൊരു പ്രധാന സംഗതിയിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. വാസ്തവം പറഞ്ഞാൽ, ഈ ചർച്ചയിൽ സ്ത്രീയും പുരുഷനും ഏതെങ്കിലും ലിംഗത്തെ പ്രതിനിധീകരിക്കുന്നില്ല. ലിംഗഭേദവുമായി ഇതിന് ബന്ധമൊന്നുമില്ല. ഇതിനർത്ഥം, പുരുഷൻ ഏതാനും ചില ഗുണങ്ങളെ പ്രതിനിധീകരിക്കുന്നു, നേരെമറിച്ച് സ്ത്രീ മറ്റു ചില പ്രത്യേക ഗുണങ്ങൾക്കായി നിലകൊള്ളുന്നു എന്നാണ്. അതുകൊണ്ട്, ഇത്തരത്തിലുള്ള വിഭജനം ഗുണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്, ലിംഗ(gender)ത്തെ അടിസ്ഥാനപ്പെടുത്തിയല്ല.

ഇനി, നാം കേവലം നിരീക്ഷിക്കുകയാണെങ്കിൽ, എല്ലാ ശിഷ്യരും സ്ത്രീകളാണ്, എല്ലാ ഗുരുക്കന്മാരും പുരുഷന്മാരാണ്. ഞാൻ ഉദ്ദേശിക്കുന്നത്, ശിഷ്യർ സ്ത്രൈണ ഗുണങ്ങൾ പ്രദർശിപ്പിക്കുന്നവരാണ്, അതേസമയം മാസ്റ്റർ പുരുഷഭാവങ്ങൾ പ്രദർശിപ്പിക്കുന്നു. ഇപ്പോളുടനെ നിഗമനങ്ങളിലേക്ക് എത്താൻ വരട്ടെ. ഞാൻ ഉദ്ദേശിക്കുന്നത്, ഒരു പുരുഷന് സ്ത്രൈണഗുണങ്ങളുണ്ടാവാം, അയാൾ ഒരു മാതൃകാ ശിഷ്യനായി രൂപംകൊള്ളുന്നു. ഇതുപോലെ, ഒരു സ്ത്രീക്ക് പുരുഷഗുണങ്ങളുണ്ടാവാം, അവൾ ഒരു ഗുരുവായിത്തീരാം. അതുകൊണ്ട്, ഈ പ്രത്യേകവിഷയം സംബന്ധിച്ചിടത്തോളം, സ്ത്രീയും പുരുഷനും ഗുണങ്ങളെ പ്രതിനിധീകരിക്കുന്നു, ലിംഗത്തെയല്ല.

അതുകൊണ്ട്, എന്തൊക്കെയാണ് സ്ത്രൈണഭാവങ്ങൾ? സ്ത്രൈണഗുണങ്ങൾ എന്നത് മൃദുത്വം, സ്വീകാരക്ഷമത, ആർജവം, വിശ്വാസം, പ്രേമം, അഗാധ സമർപ്പണം ഇവയാണ്. ഒരു സ്ത്രീയുടെ ഏറ്റവും അമൂല്യമായ ഗുണങ്ങളാണിവ, എന്നാൽ പുരുഷനാവട്ടെ ധൈര്യത്തിന്റെ പ്രതീകമാണ്, അവൻ ഏതു സാഹസ ത്തിനും മുതിരും. അവൻ സാഹസത്തിന് തയ്യാറാണ്. അതുപോലെ, പുരുഷന് എതി രിടാനുള്ള പ്രവണതയുണ്ട്. പുരുഷൻ നീണ്ട പാത തെരഞ്ഞെടുത്തേക്കാം, എന്തു കൊണ്ടെന്നാൽ അവൻ വെല്ലുവിളികൾ നേരിടാൻ ഇഷ്ടപ്പെടുന്നു. അവന് കാലിടറാം, പതനമുണ്ടാവാം, അഥവാ മാർഗത്തിൽനിന്ന് വ്യതിചലിച്ചേക്കാം. അതു പോലെ, സഹായത്തിനായി യാചിക്കുന്നതിന് അവനൊരുക്കമല്ല. അവൻ അസ്തിത്വവുമായി മല്ലിട്ട് ഒരു പോരാളിയെപ്പോലെ പെരുമാറും. ഇവയൊക്കെ പുരു ഷസഹജമായ ഗുണങ്ങളാണ്.

ഒരു ഗുരു(Master)വായിത്തീരുന്നതിന് പുരുഷഗുണങ്ങൾ അനുയോജ്യമാണ്, അതേ സമയം സ്ത്രൈണഭാവങ്ങൾ ഒരു ശിഷ്യന് ഏറ്റവും യോജിച്ചതത്രെ. ഈ വീക്ഷ ണകോണിലാണ് ഞാൻ ഇതെപ്പറ്റി കുറച്ചു വാക്കുകൾ സംസാരിക്കാമെന്നു വച്ചത്. നേരത്തേ പരാമർശിച്ചതുപോലെ, ഗാർഗിയോ അതുപോലെ ഒന്നോ രണ്ടോ പേരൊഴികെ, നിങ്ങൾ ആഴത്തിലുള്ള ഗവേഷണത്തിലേക്ക് പോയാൽ, മികച്ച ഗുരു ക്കന്മാരായിട്ടുള്ള വളരെ അപൂർവം സ്ത്രീകളുടെ പേരുകളേ നിങ്ങൾക്ക് കാണാനാ വുകയുള്ളൂ. ജൈനന്മാർക്കിടയിൽ, മുമ്പ് പരാമർശിച്ചതുപോലെ, മല്ലിബായി മാത്രമാ യിരുന്നു ഒരേയൊരു വനിതാഗുരു.

ഇവിടെ, ഈ വിഷയത്തിൽ ചില രസകരങ്ങളായ വസ്തുതകൾ നിങ്ങൾക്ക് കാണാം. എന്താണവ? സ്ത്രീകൾ, മുമ്പ് സൂചിപ്പിക്കപ്പെട്ടതുപോലെ, പ്രേമം, വിശ്വാസം, ദയാ വായ്പ്, നന്ദി, അഗാധ സമർപ്പണം ഇവയാൽ അനുഗ്രഹീതരാണ്. ഒരുവന് നേരായ അർത്ഥത്തിൽ ഒരു ശിഷ്യനാവാൻ കഴിയുക അവന് ഈ സ്ത്രൈണഗുണങ്ങൾ ഉള്ള പ്പോഴാണ്, അവൻ അസ്തിത്വ(existence)വുമായി എതിരിടാൻ ഒരുങ്ങില്ല. ഒരു ശിഷ്യൻ ഗുരുവിലൂടെ അസ്തിത്വവുമായി ഹൃദയസംവാദത്തിലാവും. അതാണിവി ടുത്തെ വസ്തുത.

അതുകൊണ്ട്, നാം മനസ്സിലോർക്കേണ്ടത് ഈ സ്ത്രീപുരുഷ വർഗീകരണം ലിംഗ ഭേദത്തെ അടിസ്ഥാനമാക്കിയല്ല എന്നതാണ്. സ്വാഭാവികമായും നാം സ്ത്രീസഹജ മായ ഗുണങ്ങളെ പരിഗണിക്കുമ്പോൾ, അതവരെ അനായാസം ശിഷ്യരാക്കുന്നു. ഒരു സ്ത്രീയെ സംബന്ധിച്ച്, ഒരു ശിഷ്യയാവുന്നത് എളുപ്പമാണ്. അതുകൊണ്ട്, ഈ ഗുണങ്ങൾ, സ്ത്രൈണഗുണങ്ങളും പുരുഷഗുണങ്ങളും ഒരുമിച്ചുചേർന്ന് ഒരൊറ്റ ജീവൈക്യമായിത്തീരുന്നു. അപ്പോൾ ലയം പൂർണമാവുന്നു. രണ്ട് ശരീരങ്ങളും ഒരു



അനന്തപൂർ ഗേൾസ് കോളജ്

ആത്മാവും പരിപൂരകമാവുന്നു. അവ പൂരക ഗുണങ്ങളാണ്, വിരുദ്ധ ഗുണങ്ങളല്ല.

ഭഗവാൻ ബാബ അരുളിയ ഒരു രസകരമായ ദൃഷ്ടാന്തമുണ്ട്. അവിടുന്ന് അനന്തപൂരി ലാരംഭിച്ച ആദ്യത്തെ കോളജ് പെൺകുട്ടികളുടേതാണ്. ഒരിക്കൽ, ഭഗവാൻ കൃഷ്ണന്റെ സഹപാഠിയായ കുചേലനെപ്പറ്റി അവിടുന്ന് പരാമർശിക്കുകയായിരുന്നു.

കുചേലന് ഒത്തിരി സന്താനങ്ങളുണ്ടായിരുന്നു. അദ്ദേഹത്തിന് സ്വന്തം കുടുംബം പുലർത്താൻ കഴിയാത്ത ഒരു അവസ്ഥയുണ്ടായി. മതിയാംവണ്ണം ആഹാരം കഴി ക്കാൻപോലും ഇല്ലായിരുന്നു അവർക്ക്. ഈ വേളയിലാണ് കുചേലന്റെ ഭാര്യ അദ്ദേ ഹത്തോട് പറയുന്നത്, "പ്രഭോ, അങ്ങെന്താണ് അങ്ങയുടെ സഹപാഠിയായ കൃഷ്ണന്റെ അടുത്തുപോയി സഹായം തേടാത്തത്?"

അപ്പോൾ കുചേലൻ തന്റെ പത്നിയോട് പറഞ്ഞു, "ഇല്ല, ഇന്ന് കൃഷ്ണൻ ആരാണെന്നാണ് നീ കരുതുന്നത്? കൃഷ്ണൻ ഒരു പ്രഭുവാണ്. അവിടുന്ന് ഒരു ചക്രവർത്തിയാണ്, ഒരു വലിയ ധനികനാണ്. ഒരിക്കൽ ഞങ്ങൾ സഹപാഠികളായിരുന്നു എന്നത് നേരുതന്നെ. പക്ഷേ അദ്ദേഹം എന്നെ തിരിച്ചറിയുമോ ഇല്ലയോ എന്ന് ഞാൻ സംശയിക്കുന്നു. അവിടുന്നിനെ കാണാൻ ആരാണെനിക്ക് അനുമതി തരിക? ഭിന്നതകളുടെ എത്ര വലിയ സമുദ്രമാണ് എനിക്കും കൃഷ്ണനുമിടയിൽ ഇന്ന്. അവിടുന്നിനെ കാണാൻ നീയെന്തിനാണ് എന്നോട് ആവശ്യപ്പെടുന്നത്?"

അപ്പോൾ കുചേലപത്നി വീണ്ടും വീണ്ടും അദ്ദേഹത്തോട് അപേക്ഷിച്ചു. "കൃഷ്ണൻ ഒരു സാധാരണ മനുഷ്യനല്ല. അവിടുന്ന് അസാമാന്യനാണ്. അവിടുന്ന് പ്രേമപൂർണനനാണ്. അവിടുന്ന് നിങ്ങളെ തിരിച്ചറിയില്ലെന്ന് പറയുന്നത് എന്തുകൊണ്ടാണ്? അങ്ങ് പോവൂ," അവൾ കൃഷ്ണന്റെയടുത്തേക്ക് യാത്രയ്ക്കായി അവൾ അദ്ദേഹത്തെ നിർബന്ധിച്ചു.

അങ്ങനെ, കുചേലൻ കൃഷ്ണനെ കാണുന്നതിനായി ദ്വാരകയിലേക്ക് പുറപ്പെട്ടു. ആദ്യം പ്രവേശനഗോപുരത്തിലെ ഭടന്മാർ അദ്ദേഹത്തെ ഉള്ളിലേക്ക് കടത്തിവിട്ടില്ല, കാരണം അദ്ദേഹം വേണ്ട രീതിയിൽ വസ്ത്രം പോലും ധരിച്ചിരുന്നില്ല. മുടിയൊക്കെ പാറിപ്പറന്നു കിടന്നിരുന്നു. കീറത്തുണിയാണ് ഉടുത്തിരുന്നത്. വഴിയത്രയും കാൽനടയായി ചെന്നതിനാൽ, ദേഹം മുഴുവനും പൊടിയണിഞ്ഞിരുന്നു. എന്തു ചെയ്യാം? അതുകൊണ്ട്, കുചേലൻ പ്രവേശനകവാടത്തിൽ വെറുതേ അലഞ്ഞുതിരിഞ്ഞു.

കൊട്ടാരത്തിൽ, ഭഗവാൻ കൃഷ്ണൻ തന്റെ എട്ട് പത്നിമാരാലും പരിവൃതനായി ആട്ടുമഞ്ചത്തിൽ ഉപവിഷ്ടനായിരുന്നു. അവർ അവിടുന്നിനെ സേവിച്ചുകൊണ്ടിരുന്നു, കൃഷ്ണൻ മഞ്ചത്തിൽ ഇരുന്നു. കുറച്ചകലെ നിന്നുകൊണ്ടേ കൃഷ്ണൻ കുചേലന്റെ സാന്നിധ്യം അറിഞ്ഞു. അവിടുന്ന് മഞ്ചത്തിൽനിന്ന് എണീറ്റിട്ട് വളരെ വേഗത്തിൽ ഗോപുരവാടത്തിലേക്ക് നടക്കാൻ തുടങ്ങി. കുചേലനെ കണ്ടയുടനെ, അവിടുന്ന് അദ്ദേഹത്തെ ആലിംഗനം ചെയ്ത് കണ്ണീരൊഴുക്ക ാൻ തുടങ്ങി. എന്നിട്ട് സ്വയം അദ്ദേഹത്തെ കൊട്ടാരത്തിനുള്ളിലേക്ക് ആനയിച്ചു.

വഴിയിലുടനീളം അവിടുന്ന് അവരൊരുമിച്ചുള്ള ബാല്യകാല ദിനങ്ങളെപ്പറ്റി വിവരിക്കുകയായിരുന്നു, അവരെങ്ങനെയാണ് ഒരുമിച്ച് സമയം ചെലവിട്ടതെന്ന്, അവർ ഒരുമിച്ച് കളിക്കാൻ തുടങ്ങിയത്, ഒരു മരത്തിന്റെ ചില്ലയിൽനിന്ന് മറ്റൊരു വ്യത്യസ്തമരത്തിന്റെ ചില്ലയിലേക്ക് ചാടുന്നത്, എങ്ങനെയാണവർ കല്ലു കളിച്ചതെന്ന്. അവരുടെ ബാല്യകാലദിനങ്ങളൊക്കെ ഇരുവർക്കുമിടയിലെ സംഭാഷണവിഷയമായി. കൃഷ്ണൻ അദ്ദേഹത്തെ ഉള്ളിലേക്ക് ആനയിച്ചു, അദ്ദേഹത്തെ തനിക്കൊപ്പം മഞ്ച

ത്തിലിരുത്തി, കുചേലനെ സേവിക്കുന്നതിന് പത്നിമാരോട് ആവശ്യപ്പെട്ടു. അവർ അദ്ദേഹത്തിന്റെ പാദം കഴുകി, വിശറികൊണ്ട് അദ്ദേഹത്തെ വീശാൻ തുടങ്ങി.

ഇനിയുള്ള കഥ നിങ്ങൾക്ക് അറിയാവുന്നതാണ്. തീർച്ചയായും, കുചേലൻ വീട്ടിലേക്ക് മടങ്ങിപ്പോന്നു, നിരവധി കാര്യങ്ങൾ സംഭവിച്ചു, അതൊക്കെ നിങ്ങൾക്ക് നന്നായി അറിയാവുന്നതാണ്. ഭാരതത്തിലെ ഓരോ വ്യക്തിക്കും കുചേലോപാഖ്യാനം അറിയാം. കുചേലൻ വീട്ടിലേക്ക് മടങ്ങിയെത്തുമ്പോഴേക്ക്, അദ്ദേഹത്തിന്റെ ചെറിയ കുടിൽ ഒരു വലിയ മണിമാളികയായി മാറിക്കഴിഞ്ഞിരുന്നു, അദ്ദേഹത്തിന്റെ



കുട്ടികളെല്ലാം വിലപിടിപ്പുള്ള ആഭരണങ്ങളും പട്ടുവസ്ത്രങ്ങളും ധരിച്ചിരുന്നു. അവരെല്ലാവരും അദ്ദേഹത്തെ സ്വീകരിക്കാനായി പുമുഖത്തേക്ക് ചെന്നു. ഇതെല്ലാം കൃഷ്ണന്റെ കാരുണ്യം കൊണ്ടും കുചേലന്റെ ജീവിതത്തിലെ അവിടുത്തെ ചമത്കാരം കൊണ്ടും ആണ്.

ഇതിലെ പ്രധാന വസ്തുത ഇതാണ്: കൃഷ്ണന്റെ സഹപാഠി ആയിരുന്നിട്ടുകൂടി, കുചേലന് കൃഷ്ണനിൽ ഏതെങ്കിലും തരത്തിലുള്ള വിശ്വാസം ഉണ്ടായിരുന്നില്ല. കൃഷ്ണൻ തന്നെ തിരിച്ചറിയുമോ ഇല്ലയോ എന്നുവരെ അദ്ദേഹം സംശയിച്ചു. പക്ഷേ, ഒരിക്കലും കൃഷ്ണനെ കണ്ടിട്ടില്ലാത്ത കുചേലന്റെ ഭാര്യയ്ക്ക് ഉറപ്പായിരുന്നു കൃഷ്ണൻ അദ്ദേഹത്തെ തിരിച്ചറിയുമെന്ന്, നിശ്ചയമായും അദ്ദേഹത്തിന്റെ അത്യന്തം മോശമായ സ്ഥിതി കണ്ടിട്ട് രക്ഷയ്ക്കെത്തുമെന്ന്. കഷ്ടപ്പാടിൽനിന്ന് കരകയറുന്നതിന് കൃഷ്ണന്റെ കാരുണ്യം അവരെ സഹായിക്കുമെന്ന് അവൾക്ക് ഉറപ്പായിരുന്നു.

അതുകൊണ്ട്, സ്ത്രീകൾക്കാണ് കൂടുതലായി വിശ്വാസം എന്ന് സ്വാമി അരുളിയിരിക്കുന്നു. അവർക്ക് പുരുഷന്മാരെ അപേക്ഷിച്ച് പ്രതീക്ഷ കൂടുതലാണ്. തമാശയായി സ്വാമി പറയുകയുണ്ടായി, "ആൺകുട്ടികളേ, നിങ്ങൾക്കറിയാമോ, ഞാൻ 13 കൊല്ല



ഭഗവാൻ അനന്തപൂർ കോളജ് ഹോസ്റ്റലിൽ

ങ്ങളായി അനന്തപൂർ ഗേൾസ് കോളജിൽ പോയിട്ട്, എന്നാലും ഇന്നും പെൺകുട്ടികൾ ദിവസവും സ്വാമിയുടെ സാന്നിധ്യം അനുഭവിക്കുന്നു. അവരിൽ ചിലർ സ്വാമിയെ അവരുടെ ക്ലാസ്സ്റൂമിൽ കാണുന്നു. അവരിൽ ചിലർ സ്വാമി അവർക്കൊപ്പം നടക്കുന്നതായും, അടുത്ത നിലയിലേക്ക് പടികൾ കയറുന്നതായും കാണുന്നു. രാവും പകലും അവരെന്നെ അനുഭവിക്കുന്നു, ഞാൻ കഴിഞ്ഞ 13 കൊല്ലങ്ങളായി ശാരീരികമായി ആ കോളജ് സന്ദർശിച്ചിട്ടില്ലെങ്കിലും. എന്നാൽ, ഇവിടെ ഞാൻ നിങ്ങൾക്കിടയിലാണ്, നിങ്ങളെന്നെ രാവും പകലും കാണുന്നു. എന്നിട്ടും ആ പെൺകുട്ടികൾക്കുള്ളത്ര വിശ്വാസം നിങ്ങൾക്കില്ല."

അതുകൊണ്ട്, സ്ത്രീകൾക്കാണ് പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലായി വിശ്വാസം, പ്രേമം, കാരുണ്യം എന്ന് സ്വാമി അരുളിയിരിക്കുന്നു.

ശരി, നമുക്ക് പ്രധാന വിഷയത്തിലേക്ക് തിരിച്ചുവരാം, ഒരേയൊരു പുരുഷൻ ഈശ്വരനാണ്, ബാക്കിയെല്ലാവരും സ്ത്രീകളാണ്. ഇതിനർത്ഥം എന്തെന്നാൽ, നമ്മളെല്ലാവരും ശിഷ്യരാവാൻ സങ്കൽപ്പിക്കപ്പെട്ടവരാണ്, ഒരേയൊരു പുരുഷൻ നമ്മെ വഴി

കാട്ടുന്ന ഈശ്വരൻ മാത്രമാണ് എന്നാണ്. അവിടുന്ന് നമ്മെ നയിക്കും. നമുക്ക് സ്ത്രൈണഗുണങ്ങളായ സംവേദനത്വം, സ്വീകാരക്ഷമത, കാരുണ്യം, പ്രതീക്ഷ, അഗാധ സമർപ്പണം എന്നിവ വേണം. അപ്പോൾ നമുക്ക് നമ്മുടെ ഗുരുവിൽനിന്ന് കൂടുതൽ സന്ദേശങ്ങൾ സ്വീകരിക്കാനാവും.

ഈ സാഹചര്യത്തിലാണ് 'ഈശ്വരനാണ് ഒരേയൊരു പുരുഷൻ(God is the only man)' എന്ന ഈ വിഷയത്തെപ്പറ്റി മേൽപ്പറഞ്ഞ ആശയങ്ങൾ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നത്.

നിങ്ങൾക്ക് നന്ദി.

സായിരാം



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)